കേരളകൗമുദി

Established by C.V. Kunjuraman as a periodical in 1911

ഗുരുദർശനത്തിന്റെ സൂര്യശോഭ പകർന്ന് 'മഹാഗുരു'

തിരുവനന്തപുരം: ശ്രീനാരായണ ഗുരുദേവന്റെ ജീവിതവും, ഗുരുവിന്റെ വിരൽ പിടിച്ച് കേരളം നവോത്ഥാനത്തിന്റെവിപ്ലവപഥത്തിലേക്കു ചുവടുവച്ച ചരിത്രവും പ്രമേയമാക്കി കൗമുദി ടിവി നിർമ്മിക്കുന്ന 'മഹാഗുരു' മെഗാ പരമ്പരയുടെ പ്രിമിയർ ടെയിലർ പ്രദർശനം കൈരളി തിയേറ്റർഹാൾ നിറഞ്ഞുകവിഞ്ഞ പ്രൗഢസദസ് സ്വീകരിച്ചത് നിറഞ്ഞ ഹൃദയത്തോടെ.

നൂറ് എപിസോഡുകൾ ഉള്ള പരമ്പരയുടെ വിവിധ എപിസോഡുകളിൽ നിന്നുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ, അരമണിക്കൂർ ദൈർഘ്യമുള്ള ടെയിലറിൽ സ്വാമി വിവേകാനന്ദൻമുതൽ മഹാകവി കുമാരനാശാൻ വരെയുള്ള മഹാപുരുഷന്മാർ കഥാപാത്രങ്ങളായി എത്തുന്നതു കണ്ടപ്പോൾ സദസിന് ആവേശം. അരുവിപ്പുറത്ത്, നെയ്യാറിലെ കയത്തിൽ നിന്ന് മുങ്ങിയെടുത്ത കല്ല്, ശിവലിംഗ സങ്കല്പത്തിൽ ഗുരുപ്രതിഷ്ഠിക്കുന്നതിന്റെ ദൃശ്യങ്ങൾ തെളിഞ്ഞപ്പോൾ ആ ചരിത്രനിമിഷത്തിനു സാക്ഷ്യം വഹിക്കാനായതിനു സമാനമായ ആശ്ചര്യം...

ടെയിലർ പ്രദർശനത്തിന് മുഖ്യാതിഥിയായി എത്തിയ മുഖ്യമന്ത്രിക്ക് കേരളകൗമുദിയുടെ ഉപഹാരം ചീഫ് എഡിറ്റർ ദീപു രവി സമ്മാനിച്ചു. 'മഹാഗുരു'വിന്റെ നിർമ്മാണച്ചുമതല വഹിക്കുന്ന കേരളകൗമുദി ജോയിന്റ് മാനേജിംഗ് ഡയറക്ടർ ദർശൻ രവിക്ക് മുഖ്യമന്ത്രി ഉപഹാരം നൽകി. പരമ്പരയുടെ സംവിധായകനായ കൗമുദി ടിവി പ്രോഗ്രാംസ് ചീഫ് ഡോ. മഹേഷ് കിടങ്ങിൽ, തിരക്കഥാകൃത്ത് കേരളകൗമുദി സ്പെഷ്യൽ പ്രോജക്ട്സ് എഡിറ്റർ മഞ്ചു വെള്ളായണി എന്നിവരും മുഖ്യമന്ത്രിയിൽ നിന്ന് ഉപഹാരം സ്വീകരിച്ചു.

ശ്രീനാരയണഗുരുവായിവേഷമിട്ട എസ്.ജയൻദാസ്, ബാല്യകാലം അവതരിപ്പിക്കുന്ന ലസ്ബിൻ, പരമ്പരയിലെ അഭിനേതാക്കളായ ദിനേശ് പണിക്കർ, കലാധരൻ, രാജേഷ് ഹെബ്ബാർ തുടങ്ങിയവരും പ്രദർശനം കാണാനെത്തിയിരുന്നു.

ഗുരുവിന്റെ ജനനം, ബാല്യം, കൗമാരം, വാരണപ്പള്ളിയിലെ വിദ്യാഭ്യാസം, വിവാഹം, മരുത്വാമലയിലെ തപസ്, ശിവഗിരി ശാരദാപ്രതിഷ്ഠ, മറ്റു ക്ഷേത്ര പ്രതിഷ്ഠകൾ എന്നിവ പരമ്പരയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഹാത്മാഗാന്ധി, രവീന്ദ്രനാഥടാഗോർ, തൈക്കാട് അയ്യാഗുരു, ചട്ടമ്പി സ്വാമികൾ, മഹാത്മാ അയ്യങ്കാളി, ഡോ. പല്പു, വെള്ളത്തേരി, പെരുന്നല്ലി, മൂലൂർ, സഹോദരൻ അയ്യപ്പൻ, ടി.കെ. മാധവൻ, സി.വി. കുഞ്ഞുരാമൻ, ശിവലിംഗദാസ സ്വാമി, ഭൈരവൻ ശാന്തി തുടങ്ങിനൂറുകണക്കിനു ചരിത്രനായകർ കഥാപാത്രങ്ങളായി എത്തുന്ന പരമ്പരയിൽ ഗുരുവുമായി ബന്ധപ്പെട്ട അദ്ഭുത കഥകൾ, നർമ്മ കഥകൾ, കാരുണ്യ കഥകൾ എന്നിവയുമുണ്ടാകും.



കൗമുദി ടിവി നിർമ്മിക്കുന്ന മഹാഗുരു മെഗാ പരമ്പരയുടെ പ്രിമിയർ ടെയിലർ ഷോയ്ക്കു ശേഷം മഹാഗുരു മെഗാ പരമ്പരയുടെ നിർമ്മാതാവും കേരളകൗമുദി ജോയിന്റ് മാനേജിംഗ് ഡയറക്ടറുമായ ദർശൻ രവി, പരമ്പരയുടെ സംവിധായകനും കൗമുദി ടിവി പ്രോഗ്രാംസ് ചീഫുമായ ഡോ.മഹേഷ് കിടങ്ങിൽ, പരമ്പരയുടെ രചയിതാവും കേരളകൗമുദി സ്പെഷ്യൽ പ്രോജക്ട്സ് എഡിറ്ററുമായ മഞ്ചു വെള്ളായണി എന്നിവർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരം സമ്മാനിക്കുന്നു. കേരളകൗമുദി ചീഫ് എഡിറ്റർ ദീപു രവി, വി.എസ് ശിവകുമാർ എം.എൽ.എ എന്നിവർ സമീപം

ഫോട്ടോ: എസ്.ജയചന്ദ്രൻ

അസമിൽ പട്ടാള ട്രക്ക് മറിഞ്ഞ് മലയാളി സൈനികൻ മരിച്ചു

നെടുങ്കണ്ടം: അസമിൽ പട്ടാള ട്രക്ക് മറിഞ്ഞ് മലയാളി സൈനികൻ മരിച്ചു. കരസേനയുടെ അസാം റെജിമെന്റിലെ ട്രക്ക് ഡ്രൈവറായ ചേമ്പളം നന്തികാട്ട് (ചേനപ്പാര) ജോസഫിന്റെ (റജി) മകൻ റോബിനാണ് (22) മരിച്ചത്. ഞായറാഴ്ച വൈകിട്ട് റോബിൻ ഓടിച്ചിരുന്ന ട്രക്ക് കൊക്കയിലേക്ക് മറിയുകയായിരുന്നെന്നാണ് കരസേനവീട്ടുകാരെ അറിയിച്ചത്. രണ്ട് വർഷം മുമ്പാണ് റോബിൻ ഡ്രൈവറായി കരസേനയിൽ പ്രവേശിച്ചത്. സെമന്റിൽ നിന്ന് 300 കിലോമീറ്റർ അകലെയാണ് അപകടം നടന്നത്. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ കരസേന സ്വീകരിച്ചു. മാതാവ് സെലിൻ. ബി.കോം വിദ്യാർത്ഥിനി റോസ്നി ഏക സഹോദരിയാണ്.

റോബിൻ

തിരഞ്ഞെടുപ്പ്: സി.പി.എം കുടുംബയോഗങ്ങൾക്ക് ഇന്ന് തുടക്കം

കണ്ണൂർ: ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ആദ്യ പടിയായി, നേതാക്കളുടെ പ്രസംഗത്തിനപ്പുറം ജനങ്ങളുടെ പ്രശ്നങ്ങൾ അറിയാനും പരിഹാരം കാണാനുമുള്ള പ്രവർത്തനങ്ങൾക്ക് പരിഗണന നൽകണമെന്ന് സി.പി.എം നേതൃത്വം കീഴ്ഘടകങ്ങൾക്ക് നിർദ്ദേശം നൽകി. കുടുംബയോഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിൽ അണികളെയും അനുഭാവികളെയും പരമാവധി പങ്കെടുപ്പിക്കും.

മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡലമായ ധർമ്മടത്താണ് കുടുംബയോഗങ്ങൾക്ക് തുടക്കം കുറിക്കുന്നത്. ഇന്ന് ധർമ്മടം മണ്ഡലത്തിലെ മൂന്നു കുടുംബയോഗങ്ങളിൽ മുഖ്യമന്ത്രി പങ്കെടുക്കും. രാവിലെ 11ന് പിണറായി കൺവെൻഷൻ സെന്ററിലാണ് ആദ്യയോഗം. തുടർന്ന് പെരളശേരിയിലും പടുവിലായിയിലും. അതത് സി.പി.എം ലോക്കൽ കമ്മിറ്റികളാണ് കുടുംബയോഗങ്ങൾ സംഘടിപ്പിക്കുന്നത്. സാധാരണ കുടുംബയോഗങ്ങളിൽ നിന്നു വ്യത്യസ്തമായി വിപുലമായാണ് ഇത്തവണ ക്രമീകരണം. ഉദ്ഘാടനം, പ്രസംഗം എന്ന പതിവു രീതിയിൽ നിന്നു മാറി ജനങ്ങൾ അവരുടെ പരാതികൾ അവതരിപ്പിക്കും. രാവിലെ തുടങ്ങി വൈകിട്ട് വരെ യോഗം നീളും.

കണ്ണൂരിൽ കൂടുതൽ വിമാന സർവീസുകൾ

അമിത ടിക്കറ്റ് നിരക്ക് ഉടൻ കുറയ്ക്കുമെന്ന് മുഖ്യമന്ത്രിക്ക് എയർ ഇന്ത്യയുടെ ഉറപ്പ്

തിരുവനന്തപുരം: കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് കൂടുതൽ അന്താരാഷ്ട്ര, ആഭ്യന്തര സർവീസ് ആരംഭിക്കമെന്ന് വിമാനക്കമ്പനികൾ മുഖ്യമന്ത്രി പിണറായി വിജയന് ഉറപ്പുനൽകി. വിമാനക്കമ്പനികളുടെ സി.ഇ.ഒ മാരുമായി നടത്തിയ ചർച്ചയിലാണ് ധാരണയായത്. കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള ഗൾഫ് സർവീസുകൾക്ക് എയർഇന്ത്യ അമിതനിരക്ക് ഈടാക്കുന്നത് കുറയ്ക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. അതിനുള്ള നിർദ്ദേശം നൽകിയതായി എയർ ഇന്ത്യ സി.എം.ഡി പി.എസ്. ഖരോള മുഖ്യമന്ത്രിയെ അറിയിച്ചു.

വിദേശ വിമാനക്കമ്പനികൾക്ക് കണ്ണൂരിൽ നിന്ന് സർവീസ് നടത്താൻ കേന്ദ്രം അനുമതി നൽകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

കണ്ണൂരിന് കിട്ടിയ ഉറപ്പുകൾ

- ഇൻഡിഗോ ബംഗളൂരു, ഹൈദരാബാദ്, ചെന്നൈ, ഷാർജ, ഗോവ സർവീസുകൾ 25ന് തുടങ്ങും
- തിരുവനന്തപുരം സർവീസ്മാർച്ച് അവസാനം ആരംഭിക്കും, ദോഹ, കുവൈറ്റ് സർവീസും മാർച്ചിൽ
- ഗോ എയർ ബംഗളൂരു, ഹൈദരാബാദ്, മുംബയ്, മസ്കറ്റ് സർവീസുകൾ ആരംഭിക്കും
- സ്പൈസ് ജെറ്റ് ബംഗളൂരു, ചെന്നൈ സർവീസ് തുടങ്ങും

നിലവിൽ എയർഇന്ത്യ എക്സ്പ്രസിന്റെ നാല് അന്താരാഷ്ട്ര സർവീസുകളേയുള്ളൂ. ദുബായ്, ഷാർജ, അബുദാബി, മസ്കറ്റ്, ദോഹ, ബഹറിൻ, റിയാദ്, കുവൈറ്റ്, ജിദ്ദ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവീസുകൾ ആവശ്യമാണ്.

ശബരിമല വിമാനത്താവളത്തിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കാസർകോട്ടെ ബേക്കൽ, ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ എയർസ്ട്രിപ്ആരംഭിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഉത്തരേന്ത്യയിലേക്ക് കൂടുതൽ ആഭ്യന്തര സർവീസുകൾ വേനൽക്കാലഷെഡ്യൂളിൽ ആരംഭിക്കുമെന്ന് എയർഇന്ത്യ ഉറപ്പുനൽകി. മാർച്ചോടെ എയർഇന്ത്യ എക്സ്പ്രസ് കണ്ണൂരിൽ നിന്ന് ബഹറിൻ, കുവൈറ്റ്, മസ്കറ്റ് എന്നിവിടങ്ങളിലേക്ക് സർവീസ് ആരംഭിക്കമെന്ന് സി.ഇ.ഒ കെ.ശ്യാംസുന്ദർ അറിയിച്ചു. നിലവിൽ ഷാർജ, അബുദാബി, റിയാദ്, ദോഹ സർവീസുകളുണ്ട്.

10 ആഭ്യന്തര കമ്പനികളുടെയും 12 അന്താരാഷ്ട്ര കമ്പനികളുടേയും പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്. കേന്ദ്ര സിവിൽ ഏവിയേഷൻ സെക്രട്ടറി ആർ.എൻ. ചൗബേ, ജോയിന്റ് സെക്രട്ടറി ഉഷാ പാഡി, ചീഫ് സെക്രട്ടറി ടോം ജോസ്, വ്യോമയാന പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, കണ്ണൂർ വിമാനത്താവള എം.ഡി വി.ഇളസീദാസ്, എയർപോർട്ട്സ് അതോറിട്ടി ഒഫ് ഇന്ത്യ റീജിയണൽ ഡയറക്ടർ എസ്. ശ്രീക്കുമാർ എന്നിവർ പങ്കെടുത്തു.

ഇതു നിയോഗം, അപൂർവം, ഗംഭീരം

തിരുവനന്തപുരം: കാലത്തിന്റെ ഉൾവിളിയാണ് കൗമുദി ടിവി നിർമ്മിച്ച 'മഹാഗുരു' മെഗാ പരമ്പരയിലൂടെ ജനങ്ങളിലെത്തുന്നതെന്ന് കൈരളി തിയേറ്ററിൽ പരമ്പരയുടെ ടെയിലർ പ്രദർശനം കണ്ടതിനു ശേഷം മന്ത്രി ജി. സുധാകരൻ പറഞ്ഞു.

ഇത്തരം കലാസൃഷ്ടി കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളകൗമുദി ഈ ദൗത്യം ഏറ്റെടുത്തത് കാലത്തോടുള്ള നീതിയാണെന്നും, കേരളീയ നവോത്ഥാനത്തിന് ഇത് കൂടുതുതൽ കരുത്ത് പകരുമെന്നും മന്ത്രി ജി. സുധാകരൻ പറഞ്ഞു. ഗംഭീരം, മികച്ച ആവിഷ്കാരം എന്നായിരുന്നു പരമ്പരയെക്കുറിച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ പ്രതികരണം.

■ വി.കെ. പ്രശാന്ത്, മേയർ

സിനിമ പോലെയാണ് മഹാഗുരു പരമ്പരയുടെ ദൃശ്യാവിഷ്കാരം. പൂതുലമുറയ്ക്ക് ഗുരുവിനെക്കുറിച്ച് അറിയാൻ ഇത് സഹായകമാകും. ഗുരുവിന്റെ ജീവിതം ഉജ്ജ്വലമായി പകർത്തുന്നതിൽ സംവിധായകനും അണിയറ ശില്പികളും വിജയിച്ചു.

■ സി.ദിവാകരൻ, എം.എൽ.എ

ഗുരുദേവന്റെ തിരിച്ചുവരവ് കാത്തിരിക്കുന്ന ജനതയ്ക്ക് 'മഹാഗുരു' പരമ്പര ഊർജ്ജം പകരും. ഗുരുവിന്റെ സമ്പൂർണ ജീവിതകഥയാണ് പ്രേക്ഷകർ പ്രതീക്ഷിക്കുന്നത്. സംവിധാന മികവ് ടെയിലറിൽ പ്രകടമാണ്.

■ വി.എം. സുധീരൻ, കെ.പി.സി.സി മുൻ പ്രസിഡന്റ്

ജനങ്ങളെ ഒന്നിപ്പിച്ച ഗുരുവിന്റെ ജീവിതം ആധാരമാക്കിയുള്ള പരമ്പരവൻവിജയമാകും. എല്ലാവിഭാഗം ജനങ്ങളെയും സ്പർശിച്ചുഗുരുവിന്റെ ദർശനം കൂടുതൽ ആളുകളിൽ എത്തിക്കാൻ സഹായിക്കും.

■ കെ. മുരളീധരൻ, എം.എൽ.എ

ഗുരുവിനെക്കുറിച്ച് പുതുതലമുറയ്ക്ക് അറിവ് പകരാൻ 'മഹാഗുരു' പരമ്പരയ്ക്ക് സാധിക്കും. ലോകത്തിനു നൽകുന്ന വലിയ സന്ദേശം കൂടിയാണിത്.

■ സ്വാമി ബോധിതീർത്ഥ, സെക്രട്ടറി, കുന്നംപാറ സുബ്രഹ്മണ്യ സ്വാമിക്ഷേത്രം

ആകർഷവും ഭക്തിനിർഭരവുമാണ് പരമ്പര തയ്യാറാക്കിയിരിക്കുന്നത്.

പരമ്പരയിൽ ഗുരുവായി വേഷമിടാൻ കഴിഞ്ഞത് നിയോഗമായി കരുതാനാണ് ഇഷ്ടമെന്ന് നടൻ ജയൻ ദാസ് പറഞ്ഞു. പരമ്പരയിൽ അഭിനയിക്കുമ്പോൾ ഇത് ഇത്ര വിപുലമായ രീതിയിൽ ആയിരിക്കുമെന്ന് കരുതിയില്ലെന്ന് പരമ്പരയിൽ ഡോ. പണിക്കർ എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ദിനേശ് പണിക്കർ പ്രതികരിച്ചു. ഗുരുവിനെക്കുറിച്ചുള്ള പരമ്പര കാണാൻ കാത്തിരിക്കുന്ന ഒരുപാട് പേരുണ്ടെന്നും, ഇത്തരം സീരിയലുകൾ ചരിത്രപുരുഷന്മാരുടെ കഥകൾ എല്ലാ വിഭാഗക്കാർക്കും അറിയാൻ ഉപകരിക്കുമെന്നും പരമ്പരയിൽ പുലിവാതിൽക്കൽ വേലായുധൻ വൈദ്യൻ എന്ന കഥാപാത്രമായി തിളങ്ങിയ നടൻ രാമു മംഗലപള്ളി പറയുന്നു. മഹാഗുരുവിന്റെ കുട്ടിക്കാലം അഭിനയിക്കാൻ കിട്ടിയ അവസരം ഭാഗ്യമായി കരുതുന്നുവെന്നായിരുന്നു മാസ്റ്റർ ലെസ്വിന്റെ പ്രതികരണം.

ഗുരുവിന്റെ വ്യക്തിത്വത്തെ ആഴത്തിൽ ആവിഷ്കരിക്കാൻ പരമ്പരയ്ക്കു കഴിഞ്ഞെന്ന് നടൻ കലാധരനും, കെട്ടുകാഴ്ചയായി മാറുന്ന പുരാണ സീരിയലുകൾക്കിടയിൽ മഹാഗുരു സത്യത്തോടും ചരിത്രത്തോടും നീതി പുലർത്തുന്ന ആദ്യത്തെ കലാസൃഷ്ടിയാണെന്ന് നടൻ കിഷോർ സത്യയും പറഞ്ഞു. ടെലിവിഷൻ ചരിത്രത്തിലെ തന്നെ അപൂർവസൃഷ്ടിയാണ് 'മഹാഗുരു' എന്ന് പരമ്പരയിൽ മാടനാശാനെ അവതരിപ്പിക്കുന്ന പ്രശസ്ത നടൻ രാജേഷ് ഹെബ്ബാർ പറഞ്ഞു.

അയ്യപ്പ ഭക്ത സംഗമം സവർണ സംഗമമെന്ന് വെള്ളാപ്പള്ളി

കോട്ടയം: തിരുവനന്തപുരത്ത് ശബരിമലകർമസമിതി സംഘടിപ്പിച്ച അയ്യപ്പഭക്ത സംഗമം സവർണ സംഗമമാണെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു. സംഗമത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന മഹാഭാഗ്യമായികരുതുന്നെന്നും അദ്ദേഹം പറഞ്ഞു.

"ശബരിമലയെ രാഷ്ട്രീയമായി ഉപയോഗിക്കുകയാണെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആത്മീയതയുടെ മറവിൽ രാഷ്ട്രീയം കളിക്കുന്നതിനെ ഹിന്ദുക്കളുടെ കൂട്ടായ്മയെന്ന് പറയാനാകുമോ? ശബരിമല രാഷ്ട്രീയത്തിൽ നേട്ടമുണ്ടാക്കിയത് ബി.ജെ.പിയാണ്. ഇത് പാർലമെന്റ് തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്ന് പറയാനാവില്ല. സവർണ വിഭാഗങ്ങളുടെ ഐക്യമാണ് തിരുവനന്തപുരത്ത് കണ്ടത്. അതിനിടയിൽ നാമമാത്രമായ ചിലരെ പ്രതിഷ്ഠിച്ചു. ഭൂരിപക്ഷ സമുദായത്തെ കണ്ടില്ല. അങ്ങനെയെങ്കിൽ പട്ടികജാതി വിഭാഗങ്ങൾ അടക്കമുള്ള പിന്നാക്കക്കാർ അവിടെ ഉണ്ടായേനെ. മാതാ അമൃതാനന്ദമയി എത്തുന്നതിനാൽ വരണമെന്ന് എന്നോട് പറഞ്ഞു.

മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുള്ളതിനാൽ ശ്രമിക്കാമെന്നായിരുന്നു എന്റെ മറുപടി. എന്നെയും ഭാര്യയെയും പങ്കെടുപ്പിക്കാൻ പരമാവധി ശ്രമമുണ്ടായി. ഭാഗ്യവശാൽ ഞങ്ങൾക്ക് രണ്ടുപേർക്കും വിവിധ പരിപാടികളുണ്ടായിരുന്നു. അതൊരു കൈണിയായിരുന്നെന്ന് പിന്നീടാണ് അറിഞ്ഞത്-" അദ്ദേഹം പറഞ്ഞു.

സാമുദായിക സംവരണം കൃഷ്ണമണിപോലെ കാക്കും

കോട്ടയം: സാമൂഹ്യനീതിക്കായി ഭരണഘടന വിഭാവനം ചെയ്യുന്ന സാമുദായിക സംവരണം കണ്ണിലെ കൃഷ്ണമണിപോലെ കാക്കുമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു. സാമ്പത്തിക സംവരണം നടപ്പാക്കുന്നതിനെ നിയമപരമായി നേരിടും. ഏറ്റുമാനൂർ ശാഖയിലെ ഗുരുദേവ ക്ഷേത്ര സമർപ്പണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

"ഭരണഘടനയെ തകർത്ത് സാമ്പത്തിക സംവരണം നടപ്പാക്കാൻ കേന്ദ്ര, സംസ്ഥാനസർക്കാരുകൾ ഒരുപോലെ ശ്രമിക്കുന്നു. ദേവസ്വം ബോർഡിൽ മുന്നാക്കക്കാരിലെ പിന്നാക്കക്കാർക്ക് സംവരണം ഏർപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുമ്പോൾ അവിടെയുള്ള 96 ശതമാനം ജീവനക്കാരും ആരാണെന്ന് പരിശോധിക്കണം.

ജനസംഖ്യാനുപാതികമായി സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്തിയതിന് ശേഷമാണ് സാമ്പത്തിക സംവരണത്തെക്കുറിച്ച് പറയുന്നതെങ്കിൽ അംഗീകരിക്കാമായിരുന്നു.

പാർലമെന്റിൽ പരസ്പരം ചെളിവാരിയെറിഞ്ഞവർ ഒരേ മനസോടെ ബില്ല് പാസാക്കിയപ്പോൾ പിന്നാക്കക്കാർ സംഘടിതരല്ലെന്ന് തെളിഞ്ഞു. മുന്നാക്കക്കാർക്ക് അർഹതപ്പെട്ട് കൊടുക്കുന്നതിന് ആരും എതിരല്ല. പക്ഷേ, അതിനുള്ള അർഹത യുണ്ടോയെന്നെങ്കിലും പരിശോധിക്കേണ്ടതല്ലേ? "- അദ്ദേഹം ചോദിച്ചു. യൂണിയൻ പ്രസിഡന്റ് എം. മധു അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ആർ. രാജീവ് ശാരദാദേവീ മണ്ഡപവും എസ്.എൻ ട്രസ്റ്റ് ബോർഡ് അംഗം കെ.എൽ. അശോക് മഹാദേവമണ്ഡപവും സമർപ്പിച്ചു. ബോർഡ് അംഗം എ.ജി. തങ്കപ്പൻ പ്രഭാഷണം നടത്തി.

യൂത്ത് മൂവ്മെന്റ് 'യുവയോഗം 2019' ശില്പശാല ഏപ്രിലിൽ

കൊല്ലം: സാമൂഹിക പ്രവർത്തന രംഗത്ത് യുവജനതയുടെ കരുത്ത് ഒരുക്കുകയെന്ന ലക്ഷ്യത്തോടെ എസ്.എൻ.ഡി.പി യൂണിയനുകളെ മൂന്ന് മേഖലകളായി തിരിച്ച് യൂത്ത് മൂവ്മെന്റ് പ്രവർത്തകർക്കായി ഏപ്രിലിൽ യുവജനശാക്തീകരണ ശില്പശാല 'യുവയോഗം 2019' സംഘടിപ്പിക്കുമെന്ന് എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി അറിയിച്ചു.

അർഹമായ ആനുകൂല്യം നേടാൻ ആശയ പോരാട്ടം, സംഘടിത യുവത്വത്തിന് വേണ്ട സംഘടനാ ലക്ഷ്യം, യോഗ ശക്തി ഉണർത്തിയ മഹാരഥൻമാരുടെ യൗവനം എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധർ നയിക്കുന്ന ശില്പശാലയാണ് മൂന്ന് മേഖലകളിലും ക്രമീകരിക്കുന്നത്. ഓരോ യൂണിയനിലെയും പുനഃസംഘടിപ്പിക്കപ്പെട്ട ഭരണസമിതിയിലെ 15 അംഗങ്ങൾക്കാണ് പ്രവേശനം.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ യുവാക്കൾ പങ്കെടുക്കുന്ന ദക്ഷിണ മേഖലാ ശില്പശാല ഏപ്രിൽ 5ന് കൊല്ലത്ത് നടക്കും. കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ യുവാക്കൾക്കായുള്ള മദ്ധ്യ മേഖലാ ശില്പശാല 6ന് എറണാകുളത്തും കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ യുവാക്കൾ പങ്കെടുക്കുന്ന ഉത്തര മേഖലാ ശില്പശാല 7ന് കോഴിക്കോട്ടും നടക്കും.

ശില്പശാലയിൽ പ്രവേശനം ലഭിക്കേണ്ട 15 യുവാക്കളുടെ ലിസ്റ്റ് യൂണിയൻ സെക്രട്ടറിമാർ യോഗം ഓഫീസിലേക്ക് അയയ്ക്കണം. ശില്പശാല സംബന്ധിച്ച കൂടുതൽ വിവരത്തിന് ജില്ലയിൽ യൂത്ത് മൂവ്മെന്റിന്റെ പുനഃസംഘടനാ ചുമതലയുള്ള നേതാക്കളുമായി ബന്ധപ്പെടണമെന്നും തുഷാർ വെള്ളാപ്പള്ളി അറിയിച്ചു.

സംഗീതം പഠിക്കാനെത്തി, അദ്ധ്യാപകനായി ജോൺ

ശരണ്യഭുവനേന്ദ്രൻ

തിരുവനന്തപുരം: തന്നേക്കാൾ വലിയ ഗിറ്റാറും തൂക്കി മുറിയിലേക്കു കയറിവന്ന പയ്യനെ റോജർ ഡി. ജാങ്കോ ഒന്നു സൂക്ഷിച്ചുനോക്കി. കഷ്ടിച്ച് പത്തൊമ്പതു വയസു കാണും. ഗായകൻ യേശുദാസിന്റെ സംഗീത വിദ്യാലയമായിരുന്ന 'തരംഗനിസരിയി'ലേക്ക് പുതിയബാച്ച് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന സംഗീത പരീക്ഷ കൊച്ചിയിൽ നടക്കുകയാണ്. അമേരിക്കൻ പിയാനോയിസ്റ്റ് ആയ റോജർ ജാങ്കോയാണ് അന്ന് തരംഗനിസരിയുടെ പ്രിൻസിപ്പൽ.

പഠിച്ചതും ഉറക്കമിളച്ചു പരിശീലിച്ചതുമൊക്കെ വിരലുകളിലേക്കു പകർന്ന് പയ്യൻ ഗിറ്റാർ മീട്ടി.

യുവർ നെയിം? വെളുത്തു മെലിഞ്ഞ പയ്യൻ പേരുപറഞ്ഞു: ജോൺ ആന്തണി. അടുത്ത ചോദ്യം ഞെട്ടിച്ചത് പയ്യനെയാണ്. ഇവിടെ ചിച്ചറാകാൻ താത്പര്യമുണ്ടോ? ജോൺ അങ്കലാപ്പിലായി. ഗിറ്റാർ വായിക്കുമെന്നല്ലാതെ മ്യൂസിക് നോട്സ് എഴുതാനൊന്നും അറിയില്ല. റോജർ ചിരിച്ചു: അതു ഞാൻ പഠിപ്പിച്ചു തന്നാലോ! സംഗീതം പഠിക്കാനെത്തിയ ജോൺ അങ്ങനെ തന്നെക്കാൾ പ്രായമുള്ള വിദ്യാർത്ഥികൾക്കായി 30 ദിവസം കൊണ്ട് മ്യൂസിക് നോട്സ് എഴുതാൻ പഠിച്ച് അദ്ധ്യാപകനായി.

ജോണിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞാൽ തീരാത്ത കഥകളുണ്ട് സുഹൃത്തുക്കളുടെമനസിൽ. തന്റെ വിദ്യാർത്ഥിയായിരുന്ന സുപ്രിയയെ ജീവിതസഖിയാക്കാൻ ജോൺ കടന്ന കടമ്പകൾ അവരിപ്പോഴും മറന്നിട്ടില്ല. എം.ജി. രാധാകൃഷ്ണന്റെ ശിക്ഷണത്തിൽ കർണാടക സംഗീതം പഠിക്കാൻ പോയതും, പ്രിയദർശന്റെ ആദ്യചിത്രമായ പൂച്ചയ്ക്കൊരു മൂക്കുത്തിയിലെ ഗാനങ്ങൾക്കു ഗിറ്റാർ വായിച്ചതും സുഹൃത്തുക്കളുടെ ഓർമ്മയിലുണ്ട്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും സ്റ്റേജ്ഷോകൾ. റോക്ക്ബാൻഡുകളിലൂടെ പ്രശസ്തനായ ജോൺജാസ്സംഗീതവും കർണാടക സംഗീതവും സമന്വയിക്കുന്ന ഗാനങ്ങൾ ഉൾക്കൊള്ളിച്ച് 'കർണാടിക്സ്' എന്ന് ഫ്യൂഷൻ ബാൻഡിനും തുടക്കമിട്ടു. ചെന്നൈയിൽ സ്ഥിരതാമസമായിരുന്ന ജോൺ അഞ്ചു വർഷം മുമ്പാണ് തിരികെ തിരുവനന്തപുരത്തെത്തിയത്.

എ.ആർ.റഹ്മാൻ ജോണിനൊപ്പം

മിസ് യൂ... ജോണിച്ചേട്ടാ...

'Will miss you Johny Cheta...RIP'... എ.ആർ. റഹ്മാൻ ട്വിറ്ററിൽ ഇതു കുറിക്കുമ്പോൾ ഹൃദയം വല്ലാതൊന്നു തുടിച്ചിരിക്കണം. അത്രമേൽ അഗാധമായിരുന്നു, ജോൺ ആന്തണിയുമായുള്ള റഹ്മാന്റെ സൗഹൃദം. ജോണിന്റെ സംഗീത ബാൻഡുകളിലൂടെ ശ്രദ്ധേനായതിനു ശേഷമായിരുന്നു, സിനിമയിലേക്കുള്ള റഹ്മാന്റെ രംഗപ്രവേശം. 1990 ൽ ജോൺ ചെന്നൈയിൽ തുടക്കമിട്ട ഡ്യൂട്സ് ബാൻഡ് റഹ്മാനു മാത്രമല്ല, ഡ്രമ്മർ ശിവമണി ഉൾപ്പെടെ പലർക്കും ഉയരങ്ങളിലേക്കു വഴിയൊരുക്കി. കുറച്ചു മാസം മുമ്പ് തലസ